**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** — **24-02-2022 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ സ്ഥാപിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാകുന്നതിന് മുൻപുതന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധികച്ചെലവ് ഒഴിവാക്കുന്നതിന് ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി ഏതെങ്കിലും നൂതന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (എ) | ഉണ്ട്. ജലവിതരണ പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി റോഡുകൾ കുഴിക്കുന്നതിനും, പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡ് നവീകരണത്തിന്റെ ഭാഗമായി ജലവിതരണ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പും പൊതുമരാമത്തു വകുപ്പും സംയുക്തമായി ഒരു ഓൺലൈൻ പോർട്ടൽ (Right of Way – RoW Portal) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളുടെ വിവരം, പൊതുമരാമത്തു റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം എന്നിവ മുൻകൂട്ടി മേല്പറഞ്ഞ പോർട്ടലിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് പൊതുമരാമത്തു റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നത് വഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധിക ചെലവ് ഒഴിവാക്കാവുന്നതാണ്. കൂടാതെ, മേല്പറഞ്ഞ പോർട്ടൽ സംവിധാനത്തിലൂടെ ജലവിതരണ പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാവുന്നതുമാണ്. ഇത് പ്രാവർത്തികമാക്കാനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വരുന്ന അനന്തര നടപടികൾക്കുമായി 05.01.2022 ൽ പൊതുമരാമത്തു വകുപ്പ് മന്ത്രിയും ജലവിഭവ വകുപ്പ് മന്ത്രിയും സംയുക്തമായി ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പൊതുമരാമത്തു വകുപ്പ് സെക്രട്ടറി കൺവീനറായി പൊതുമരാമത്തു വകുപ്പിലെയും, ജല അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു സ്ഥിരം സമിതി രൂപീകരിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളിൽ ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നവയുടെ വിവരവും, പൊതുമരാമത്ത് റോഡ് നവീകരണ പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപ്പറഞ്ഞ RoW പോർട്ടലിൽ ചേർക്കുന്നതിന്റെ വിശദാംശങ്ങൾ സമിതി നിരീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

പൊതുമരാമത്ത് റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് 01.06.2021 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ സംസ്ഥാനത്ത് നടത്തി വരുന്ന റോഡ് നവീകരണ/ ജലവിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും പൊതുമരാമത്ത് റോഡു മുറിക്കുന്നതിനുള്ള അനുമതി വേഗത്തിലാക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഐ. ടി. മിഷന്റെ നേതൃത്വത്തിൽ ഒരു ഓൺലൈൻ പോർട്ടൽ (Right of Way –RoW portal) ആരംഭിക്കാനും അത് 01.07.2021 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനും നിർദേശിച്ചു. 01.07.2021 മുതൽ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പദ്ധതികളുടെയും ജലവിതരണ പദ്ധതികൾക്കായി റോഡ് മുറിക്കുന്ന പ്രവൃത്തികളുടെയും വിവരം മേല്പറഞ്ഞ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും നിർദേശിച്ചിരുന്നു.

ജലവിതരണ പദ്ധതികളുടെ വിവരവും, പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരവും മുൻകൂട്ടി മേല്പറഞ്ഞ പോർട്ടലിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നത് വഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധിക ചെലവ് ഒഴിവാക്കാവുന്നതുമാണ്. കൂടാതെ ജലവിതരണ പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മേല്പറഞ്ഞ പോർട്ടൽ സംവിധാനത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്.

ഇത് പ്രാവർത്തികമാക്കാനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വരുന്ന അനന്തര നടപടികൾക്കുമായി 05.01.2022 ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും സംയുക്തമായി ചേർന്ന യോഗത്തിൽ പൊതുമരാമത്ത് സെക്രട്ടറി കൺവീനറായി പൊതുമരാമത്ത് വകുപ്പിലെയും ജല അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കാനും നിർദേശിച്ചിരുന്നു. അപ്രകാരം സമിതി രൂപീകരിക്കുകയും 18.01.2022-ന് സമിതിയുടെ ആദ്യ യോഗം ചേരുകയുമുണ്ടായി. നടപ്പ് വർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നവയുടെ വിവരവും, പൊതുമരാമത്ത് റോഡ് നവീകരണ പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപറഞ്ഞ RoW

പോർട്ടലിൽ ചേർക്കേണ്ടതാണെന്നും യോഗത്തിൽ തീരുമാനിച്ചു. റോഡ് കട്ടിംഗും പുനർനിർമ്മാണവും സംബന്ധിച്ച് പുതുക്കിയ കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി H1/349/2021/പൊ.മ.വ പാർട്ട് 1 നമ്പർ ഫയൽ മുഖേന സർക്കുലേറ്റ് ചെയ്തിട്ടുണ്ടെന്നുള്ള വിവരം പൊതുമരാമത്ത് (എച്ച്) വകുപ്പ് അറിയിച്ചിട്ടുണ്ട്.